**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2575** | **12-10-2021 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വകുപ്പിന് കീഴിൽ പൊതുജനങ്ങൾക്കായുള്ള സൗരോർജ്ജ പദ്ധതികൾ എന്തെല്ലാമാണെന്നും ആയതിനുള്ള സബ്സിഡികൾ ഏതൊക്കെയെന്നും വിശദീകരിക്കാമോ; | (എ) | സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെ ഭാഗമായുള്ള 'സൗര' പുരപ്പുറ പദ്ധതി പ്രകാരം 1000 മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ പുരപ്പുറ നിലയങ്ങളിൽ നിന്ന് 500 മെഗാവാട്ടും ഇതര മാർഗ്ഗങ്ങളിലൂടെ 500 മെഗാവാട്ടും ആണ് പദ്ധതി മുഖേനെ കൂട്ടിച്ചേർക്കപ്പെടുന്നത്. 'സൗര' ഒന്നാംഘട്ട പദ്ധതി എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്നതാണ്. ഒന്നാം ഘട്ടത്തിൽ 27.123 മെഗാവാട്ട് ശേഷിയുടെ വർക്ക്ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 9.437 മെഗാവാട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടം ഡിസംബർ 31 ഓടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. ഫേസ് II സബ്സിഡി പ്രോഗ്രാമിൽ ഗാർഹിക ഉപഭോക്താക്കൾക്കാണ് പങ്കെടുക്കാനാവുക. ഇതിൽ ആദ്യഘട്ടത്തിൽ 10.2 മെഗാവാട്ട് ശേഷിക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഇതിൽ 299 നിലയങ്ങൾ (1250 കിലോവാട്ട്) പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഘട്ടത്തിൽ 23.6 മെഗാവാട്ടിന്റെ 5220 നിലയങ്ങൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ 3 കിലോവാട്ടിൽ താഴെയുള്ള നിലയങ്ങൾക്ക് കോൺട്രാക്ടർമാരെ ലഭിക്കുന്നതിനായി 2021 സെപ്റ്റംബർ മാസത്തിൽ ഒരു ടെൻഡർ കൂടി ക്ഷണിച്ചിട്ടുണ്ട്. 'സൗര' പദ്ധതിയിൽ നിലവിൽ ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്. ഈ പദ്ധതിയിൽ 1 മുതൽ 3 കിലോവാട്ട് വരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും, 4 മുതൽ 10 കിലോവാട്ട് വരെയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനം തുടർന്ന് 20 ശതമാനം സബ്സിഡി എന്ന രീതിയിലാണ് |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ ധനസഹായം നൽകുന്നത്. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 2, 3 കിലോവാട്ട് വിഭാഗങ്ങൾക്കുള്ള കേരള മോഡൽ നിലവിലുണ്ട്. വൈദ്യുതി വകുപ്പിന് കീഴിൽ പൊതുജനങ്ങൾക്കായുള്ള വീടുകളിൽ ഗ്രിഡ് ബന്ധിത പുരപ്പുറ സൗരോർജ്ജ പ്ലാൻറ് സ്ഥാപിക്കുന്ന പദ്ധതി സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ 25 മെഗാവാട്ട് ഈ വർഷം അനെർട്ട് മുഖേന സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ തീരുമാനിച്ചിട്ടുണ്ട്. മൂന്ന് കിലോവാട്ട് ശേഷി വരെയുള്ള പ്ലാന്റുകൾക്ക് 40 ശതമാനം സബ്സിഡിയും അഞ്ച് കിലോവാട്ട് ശേഷിക്കു മുകളിൽ പത്ത് കിലോവാട്ട് ശേഷിവരെയുള്ള പ്ലാന്റുകൾക്ക് 20 ശതമാനവുമാണ് സബ്സിഡി. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചു വരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നത്തിനുള്ള കേന്ദ്രാ- വിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി - കുസും (PM-KUSUM) പദ്ധതി അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയും ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും, ബാക്കി തുക അനെർട്ട് സബ്സിഡിയുമാണ്. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പൊതുജനങ്ങൾക്കായി കൂടുതൽ സബ്സിഡിയോടുകൂടി സമ്പൂർണ്ണ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ 'സൗര' പദ്ധതിയുടെ കീഴിൽ കൂത്തുപറമ്പ് മണ്ഡലത്തിലെ 6 സൈറ്റുകളിൽ (27 കിലോവാട്ട്) പ്ലാന്റിന്റെ പണി പൂർത്തിയാക്കുകയും 4 സൈറ്റുകളിൽ (167 കിലോവാട്ട്) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. ഗാർഹിക ഗ്രിഡ് ബന്ധിത പുരപ്പുറ സൗരോർജ്ജ പ്ലാൻറ് സ്ഥാപിക്കുന്ന പദ്ധതിയിലും, പ്രധാനമന്ത്രി - കുസും പദ്ധതിയിലും കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതി വ്യാപകമാക്കുന്നതിനും വേണ്ടിയുള്ള പ്രത്യേക ക്യാമ്പയിൻ പരിപാടി സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ